# Desabhimani
# 30 August 2018
# Kochi; Kerala Flood Relief Fund

സിന് ഓർഡർ നൽകും.

## പ്രളയം: സിപിഐ എം 16.52 ലക്ഷം കൈമാറി

**കൊച്ചി**

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസഫണ്ടിലേക്ക് ജില്ലയിലെ നാല് സിപിഐ എം ഏരിയ കമ്മിറ്റികളിൽനിന്നും ശേഖരിച്ച 16,52,306 രൂപ കൈമാറി. പ്രളയദുരന്തത്തെത്തുടർന്ന് സിപിഐ എം സംസ്ഥാന കമ്മിറ്റി ആഹ്വാനംചെയ്ത ഫണ്ട്പിരിവിൽനിന്നും ദുരന്തബാധിതജില്ലയായ എറണാകുളത്തെ ഒഴിവാക്കിയിരുന്നു. എങ്കിലും തൃപ്പൂണിത്തുറ ഏരിയ കമ്മിറ്റി 7,08,061 രൂപയും മുളന്തുരുത്തി ഏരിയ കമ്മിറ്റി 4,00,000 രൂപയും പള്ളുരുത്തി കമ്മിറ്റി 3,15,000 രൂപയും കൊച്ചി കമ്മിറ്റി 2,29,245 രൂപയും ശേഖരിച്ചു. ഈ തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് കൈമാറിയതായി ജില്ലാ സെക്രട്ടറി സി എൻ മോഹനൻ പറഞ്ഞു.